(ഇ) മുരാരി കമ്മിഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടില്ല.

(ബി) നൽകിയിട്ടുണ്ട്. പുതിയ ലൈസൻസ് നൽകുന്നില്ല.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

29 (*149) ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾ

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ എത്ര സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം;

(ബി) ഇവയിൽ ഏതെല്ലാം ലാഭത്തിൽ പ്രവർത്തിക്കുന്നു;

(സി) ഏതെല്ലാം നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മില്ലുകൾ ലാഭകരമാക്കാൻ വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) നാല്.

1. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട്.
2. കോട്ടയം ടെക്സ്റ്റയിൽസ്, ഏറ്റുമാനൂർ
3. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ
4. എടരിക്കോട് ടെക്സ്റ്റയിൽസ്, കോട്ടയ്ക്കൽ.

(ബി)&(സി) കോട്ടയം ടെക്സ്റ്റയിൽസ് 1999-2000 സാമ്പത്തികവർഷത്തിൽ അറ്റാദായം ഉണ്ടാക്കി. മറ്റ് മൂന്നു മില്ലുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(ഡി) കോർപ്പറേഷന്റെ കീഴിലുള്ള നാല് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 3,234 ലക്ഷം രൂപയുടെ (മൂവായിരത്തി ഇരുന്നൂറ്റിമുപ്പത്തിനാല് ലക്ഷം) അടങ്കൽ വേണ്ടിവരുന്ന നവീകരണ പദ്ധതികൾ കേരളാ ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത നിധിയിൽനിന്നും അനുവദിച്ചിട്ടുള്ള 2972 ലക്ഷം രൂപയുടെ (രണ്ടായിരത്തിത്തൊള്ളായിരത്തി എഴുപത്തിരണ്ടു ലക്ഷം) വായ്പയിൽ നിന്നും ആദ്യ ഗഡുവായ 473 ലക്ഷം (നാനൂറ്റി എഴുപത്തിമൂന്നു ലക്ഷം) രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ നടപടികൾ 2000-2001 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ പൂർത്തിയാക്കുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്. അതോടെ മില്ലുകളുടെ പ്രവർത്തനം ലാഭകരമാക്കുവാൻ സാധിക്കുന്നതാണ്.

30 (*150) സമുദ്രാതിർത്തി ലംഘിച്ച് വിദേശ ബോട്ടുകൾ നടത്തുന്ന മീൻപിടിത്തം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമുദ്രാതിർത്തി ലംഘിച്ച് വിദേശ ബോട്ടുകളും കപ്പലുകളും മത്സ്യബന്ധനം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മത്സ്യബന്ധനം നടത്തിയ എത്രബോട്ടുകളും കപ്പലുകളും ഈ വർഷം ഇതുവരെ പിടിച്ചെടുത്തിട്ടുണ്ട്;

(സി) ട്രോളിംഗ് നിരോധനകാലത്ത് വിദേശ മത്സ്യബന്ധന യാനങ്ങളും കപ്പലുകളും നമ്മുടെ തീരപ്രദേശങ്ങൾക്ക് മത്സ്യബന്ധനം നടത്തുന്നതുതടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ട്രോളിംഗ് നിരോധന സമയത്ത് എല്ലാ മത്സ്യബന്ധന യാനങ്ങളുടെയും കൊച്ചി തുറമുഖത്തുനിന്നുള്ള പ്രവർത്തനവും കേരള കടൽ തീരത്തോടു ചേർന്നുള്ള ഇന്ത്യൻ എക്സ്ക്ലൂസീവ് എക്കണോമിക് സോണിലുള്ള മത്സ്യബന്ധനവും നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സമുദ്രാതിർത്തി ലംഘിച്ചുകൊണ്ടുള്ള വിദേശ ബോട്ടുകളുടെയും കപ്പലുകളുടെയും മത്സ്യബന്ധനം തടയാൻ കോസ്റ്റ്ഗാർഡ് ജാഗ്രത പുലർത്തുന്നുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (525) ടൈറ്റാനിയം ഫാക്ടറിയുടെ നവീകരണം

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എം.എ. തോമസ് :

ശ്രീ. ജി. സുധാകരൻ :

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly